## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1666 14/07/2016-ൽ മറുപടിക്ക്

# വൈദ്യുതി സബ് എഞ്ചിനീയർ ഓഫീസുകൾ സെക്ഷൻ ഓഫീസുകൾ ആക്കി മാറ്റുന്നതിനുള്ള ശിപാർശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ എത്ര വൈദ്യുതി സബ് എൻജിനീയർ ആഫീസുകൾ സെക്ഷൻ ആഫീസുകൾ ആക്കി മാറ്റുന്നതിനുള്ള ശിപാർശ പരിഗണ നയിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ 16 വൈദ്യുതി സബ് എഞ്ചിനീയർ ആഫീസുകൾ സെക്ഷൻ ആഫീസുകൾ ആക്കി മാറ്റുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്. ആയത് ബോർഡ് പരിശോധിക്കുകയാണ്. |
| (ബി) പ്രസ്തുത ശുപാർശയിൽ കൊല്ലം ജില്ലയിൽപ്പെട്ട ആഫീസുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വിശദ മാക്കാമോ;<br><br>(സി) പ്രസ്തുത ശുപാർശ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദ മാക്കാമോ ? | **(ബി) യും (സി)യും**<br>ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുഴിമതിക്കാട് സബ്എഞ്ചിനിയർ ഓഫീസ് സെക്ഷൻ ഓഫീസാക്കി ഉയർത്തുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്. പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുഴിമതിക്കാട് ആസ്ഥാനമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടിയിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധിക മാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടിയിരിക്കുകയും ഉപഭോക്താക്കൾ 20000ൽ അധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. |

ടി മാനദണ്ഡങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ കുഴിമതിക്കാട് ആസ്ഥാനമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ**